# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.116 — 12.03.2015 ൽ മറുപടിയ്ക്ക്

### എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. എം.എ.വാഹീദ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും - രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോർ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ആരുടെയെല്ലാം സഹായമാണ് ഇതിനായി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ; | (ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടിയാണ് മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (സി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (സി) സപ്ലൈകോയുടെ വിൽപ്പനശാലകളില്ലാത്ത ഗ്രാമ പഞ്ചായത്തുകളിലേയ്ക്ക് പ്രൊപ്പോസൽ ആവശ്യപ്പെട്ടുകൊണ്ട് സപ്ലൈകോ ഹെഡ്ഡാഫീസിൽ നിന്നും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾക്ക് കത്ത് നൽകിയിരുന്നു. സപ്ലൈകോ വില്പനശാലകൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുവാൻ സാമ്പത്തികമായി ബുദ്ധിമുട്ടുണ്ടെന്നും ആയതിനാൽ ഇക്കാര്യത്തിൽ ഇളവ് അനുവദിക്കണമെന്നും രേഖാമൂലം ആവശ്യപ്പെട്ട അഞ്ചുതെങ്ങ്, മല്ലപ്പുഴശ്ശേരി, പൊൻമള, തരുമിറ്റക്കോട് എന്നീ പഞ്ചായത്തുകൾക്ക് ഇക്കാര്യത്തിൽ ഇളവ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) പ്രസ്തുത പദ്ധതി മൂലം പൊതു വിപണിയിലെ വിലവർദ്ധന എത്രമാത്രം നിയന്ത്രിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ ? | (ഡി) ഇപ്പോൾ കേരളത്തിൽ ആകെയുള്ള 978 ഗ്രാമ പഞ്ചായത്തുകളിൽ 50 പഞ്ചായത്തുകൾ ഒഴികെ ബാക്കി എല്ലാ പഞ്ചായത്തുകളിലും സപ്ലൈകോയുടെ വില്പനശാലകൾ പ്രവർത്തിച്ചുവരുന്നുണ്ട്.<br><br>സപ്ലൈകോയുടെ ഈ വില്പനശാലകൾ വഴി എല്ലാ ജനങ്ങൾക്കും 13 ഇനം |

അവശ്യസാധനങ്ങൾ പൊതുവിപണിവില യേക്കാൾ 20% മുതൽ 35% വരെ കുറച്ച് സബ്സിഡി നിരക്കിൽ ലഭ്യമാക്കിവരുന്നതിനോ ടൊപ്പം തന്നെ മറ്റെല്ലാ നിത്യോപയോഗ/ FMCG സാധനങ്ങളും MRP യിൽ നിന്ന് 15% വരെ വിലക്കുറച്ച് വിതരണം ചെയ്തുവരുന്നുണ്ട്. ഇപ്രകാരം വിതരണം ചെയ്യുന്നതു വഴി പൊതുവിപണിയിലെ വിലവർദ്ധന ഫലപ്രദമായ രീതിയിൽ നിയന്ത്രിക്കുവാൻ സപ്ലൈകോയ്ക്ക് സാധിക്കുന്നുണ്ട്.

Beena

സെക്ഷൻ ഓഫീസർ
ഢ